പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2734

02-04-2013- ൽ മറുപടിയ്ക്ക് പറയേണ്ടിയിരുന്നത്.

## വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളുമായി പരസ്പര സഹകരണത്തോടെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളുമായി പരസ്പര സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കാൻ ധാരണയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ; | എ) ഉണ്ട്, സംസ്ഥാനത്തിനകത്തും, പുറത്തുമുള്ള സർവ്വകലാശാലകൾ തമ്മിൽ അക്കാദമിക് കൈമാറ്റങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ഭാഗമായി ഹ്രസ്വകാല അദ്ധ്യാപക കൈമാറ്റ പദ്ധതികൾക്കായി മറ്റ് സംസ്ഥാനങ്ങളുമായി ധാരണയുണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൌൺസിൽ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെയും പശ്ചിമ ബംഗാളിലെയും ഉന്നത വിദ്യാഭ്യാസ കൌൺസിലുകൾ തമ്മിൽ 2009 ഫെബ്രുവരി 11 ന് കൊൽക്കത്തയിൽ നടത്തിയ കൂടിയാലോചനകളുടെ ഫലമായി ഒരു അദ്ധ്യാപക കൈമാറ്റ പദ്ധതിക്ക് (റ്റീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം) ധാരണയായിരുന്നു. ഇതനുസരിച്ച് കേരളത്തിലെയും, പശ്ചിമ ബംഗളിലേയും സർവ്വകലാശാലകൾക്ക് കീഴിൽ വരുന്ന അദ്ധ്യാപകരെ അവരവരുടെ അദ്ധ്യാപനമികവുള്ള മേഖലകളിൽ 10 മുതൽ 15 ദിവസങ്ങൾ വരെ ലക്ച്ചറുകൾ നടത്തുന്നതിനും വിദ്യാർത്ഥികളുമായി ഇടപഴകുന്നതിനുമായി സംസ്ഥാനങ്ങൾ തമ്മിൽ കൈമാറ്റം ചെയ്യപ്പെടണം. ഇതുവരെ കേരളത്തിലെയും പശ്ചിമ ബെംഗാളിലെയും 7 അദ്ധ്യാപകർ ഈ പദ്ധതിയിൽ പങ്കെടുത്തിട്ടുണ്ട്. ഈ ദിശയിൽ കൂടുതൽ മുന്നേറ്റങ്ങൾ ഉണ്ടാക്കുന്നതിനായി പുതുതായി രൂപീകരിക്കപ്പെട്ട കൌൺസിൽ മറ്റ് സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ കൌൺസിലുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു റൌണ്ട് ടേബിൾ കോൺഫറൻസ് 2012 |

| | |
|---|---|
| | ഒക്ടോബർ 13,14 തീയതികളിൽ സംഘടിപ്പിക്കുകയുണ്ടായി. |
| ബി) ആയത് കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെ; വിശദമാക്കുമോ; | ബി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകൾ തമ്മിൽ അക്കാദമിക കൈമാറ്റങ്ങൾ നടക്കും. ഇതുവഴി അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും പരസ്പരം, പരിമിതികളും സാധ്യതകളും പങ്കുവയ്ക്കാൻ അവസരം ലഭിക്കുന്നു. കൂടുതൽ സംസ്ഥാനങ്ങളിലേയ്ക്ക് ഇതു വ്യാപിക്കുന്നതോടെ വിജ്ഞാന വ്യാപനത്തിന്റെ മാർഗ്ഗം കൂടുതൽ സുതാര്യമാകുന്നു. |
| സി) ആയതിന് പദ്ധതി രേഖ സംസ്ഥാനം മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | സി) & ഡി) 2012 ഒക്ടോബർ 13, 14 തീയതികളിൽ നടന്ന സംസ്ഥാന വിദ്യാഭ്യാസ കൗൺസിലുകളുടെ റൗണ്ട് ടേബിൾ കോൺഫറൻസിൽ പശ്ചിമബംഗാളുമായി കേരളം ഉണ്ടാക്കിയിട്ടുള്ള ധാരണ മുന്നോട്ടുവയ്ക്കുകയും ചർച്ച ചെയ്യപ്പെടുകയുമുണ്ടായി. കോൺഫറൻസിൽ പങ്കെടുത്ത മറ്റ് ഉന്നത വിദ്യാഭ്യാസ കൗൺസിലുകളുടെ പ്രതിനിധികൾ ഇതു പൊതുവേ സ്വാഗതം ചെയ്യുകയും അതാത് കൗൺസിലുകൾ കൂടുതൽ ചർച്ച ചെയ്ത് പരിഗണിക്കുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) മുന്നോട്ട് വച്ച പദ്ധതി രേഖകളെക്കുറിച്ച് മറ്റ് സംസ്ഥാനങ്ങളിലെ കൗൺസിലുകളുടെ പ്രതികരണമെന്താണ്; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ